# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2958      21.06.2013-ലെ മറുപടിയ്ക്ക്

## ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ബ്ലോക്ക് പഞ്ചായത്തുകളുടെ 10 ലക്ഷം രൂപയിൽ കുറഞ്ഞ പ്രൊജക്ടുകൾക്ക് അംഗീകാരം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉത്തരവുപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ 10 ലക്ഷം രൂപയിൽ കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കരുതെന്ന് നിഷ്ക്കർഷിച്ചിരുന്നു. |
| (ബി) | ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായം കുറവായതു കാരണം എല്ലാ പ്രദേശങ്ങളിലും പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ ധനസഹായം നൽകിയും പ്രൊജക്ടുകൾക്കുള്ള മിനിമം പരിധി 10 ലക്ഷത്തിൽ നിന്ന് കുറച്ചും ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | 17.06.2013-ലെ സ.ഉ(സാധാ) നം.1576/2013/തസ്വഭവ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക 5 ലക്ഷം രൂപയായും സമാന സ്വഭാവമുള്ള 2 പ്രോജക്ടുകൾ ഒരു പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ